ST. GREGORIOS COLLEGE, KOTTARAKARA

# ത്വിഷ

A Light to Dispel Darkness

S.G. College Quarterly Magazine

Pages 4 / Vol 1 / No. 3

March 2013

സ്വാമി വിവേകാനന്ദൻ നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രം Page 2

സ്വാഭിമാനം ഉയർത്തുക Page 3

വിജ്ഞാനോത്സവം Page 4

## വിടരുന്ന ലോകം നമ്മുടെ സ്വപ്നം

ത്വിഷ പ്രകാശമാണ്.
ആദിയിൽ വെളിവായ പ്രകാശം.
സകലതിലും ഉൾച്ചേർന്നിരിക്കുന്ന ദിവ്യത.

യഥാ പ്രകാശയത്യേക:
കൃത്സ്നം ലോകമിമം രവി:
ക്ഷേത്രം ക്ഷേത്രീ തഥാ കൃത്സ്നം
പ്രകാശയതി ഭാരത!

സൂര്യൻ എങ്ങനെ ഈ ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നുവോ അതേപോലെ മനുഷ്യന്റെ ഉള്ളിലെ പ്രകാശം ശരീരത്തെ മുഴുവൻ പ്രശോഭിപ്പിക്കുന്നു.

അതെ!

'ത്വിഷ' ഗ്രിഗോറിയൻ കുടുംബത്തിന്റെ പ്രകാശമാണ്. ഗ്രിഗോറിയൻ കുടുംബത്തിലെ പ്രകാശ പൂരിതമായ നിമിഷങ്ങൾ നിങ്ങളുടെ മുന്നിലെത്തിക്കുവാനുള്ള എളിയ സംരംഭം.

ഇത് ത്വിഷയുടെ ലോഗോ. ജ്വലിക്കുന്ന ദീപവും കൈകളും ചേർന്ന ലോഗോ ത്വിഷയുടെ അർത്ഥതലങ്ങൾ വിളിച്ചോതുന്നു. കൈവെള്ളയിൽ വഹിച്ചിരിക്കുന്ന ദീപപ്രകാശത്തെ ഉൾക്കൊള്ളുന്ന മാനവികതയുടെ പ്രതീകം. ഇടതുകൈ പ്രഭാപൂരണത്താൽ വിടരുന്ന ശാദ്വലഭൂമിയുടെ പര്യായം. ഒന്നിനുമുകളിൽ മറ്റൊന്നായി ക്രമീകരിച്ചിരിക്കുന്ന വിരലുകൾ പുരോഗതിയുടെ സൂചകം. നമ്മുടെ ത്രൈമാസ പ്രസിദ്ധീകരണമായ ത്വിഷ പ്രകാശപൂരിതമായി വിടരുന്ന ലോകം തീർത്ത് എന്നെന്നും മുന്നേറട്ടെ.

ത്വിഷയ്ക്ക് സർവ്വമംഗളങ്ങളും.

**ഡോ. പി. കെ. ജോസ്കുട്ടി**
(പ്രിൻസിപ്പൽ)

## ധന്യതയുടെ വിരൽസ്പർശം



[illegible]

കൊട്ടാരക്കര : 29/1/13 മലങ്കര ഓർത്തഡോക്സ് സഭയുടെ സൂര്യതേജസ്സും സെന്റ് ഗ്രിഗോറിയോസ് കോളജ് സ്ഥാപകമാനേജരുമായിരുന്ന കാലം ചെയ്ത മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഏഴാമത് അനുസ്മരണത്തിനും കോളജ് സെമിനാർ ഹാൾ വേദിയായി. അനുബന്ധമായി സുവർണ്ണ ജൂബിലി മന്ദിരത്തിന്റെ ശിലാസ്ഥാപനവും നടത്തപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു. കോളജ് മാനേജർ അഭി: മാത്യൂസ് മാർ തേവോദോസിയോസ്, അഭി.ഡോ. സഖറിയാസ് മാർ അപ്രേം, കോളജ് പ്രിൻസിപ്പൽ ഡോ. പി.കെ. ജോസ്കുട്ടി, മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ള, വന്ദ്യ സോളമൻ റമ്പാൻ, വന്ദ്യ സാമുവൽ റമ്പാൻ, കോളജ് അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ബേബി തോമസ് തുടങ്ങിയ പ്രമുഖർ സമ്മേളനത്തിന്റെ നിറസാന്നിധ്യമായി. വിദ്യാഭ്യാസത്തിലൂടെ മാനവ വിഭവശേഷി ശരിയായ രീതിയിൽ പരിവർത്തിപ്പിച്ചെടുക്കാം എന്നു തിരിച്ചറിഞ്ഞ ക്രാന്തദർശിയായിരുന്നു പരിശുദ്ധബാവാ തിരുമേനിയെന്ന് പ്രമുഖർ അനുസ്മരിച്ചു.

## വിവര സാങ്കേതികതയുടെ വിഹായസ്സിലേക്ക് സെന്റ് ഗ്രീഗോറിയോസ്

26/3/13 ൽ സെന്റ് ഗ്രീഗോറിയോസ് കോളജിലെ വൈഫൈ സംവിധാനത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം കേരളയൂണി: പ്രോ വൈസ് ചാൻസലർ ഡോ. ജെ. പ്രഭാഷ് ഓൺലൈനിലൂടെ നിർവ്വഹിച്ചു. കോളജ് സെമിനാർ ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങ് ഉദ്ഘാടനത്തിന്റെ പുതുമയാൽ ഏറെ ഹൃദ്യമായി. വൈഫൈ സംവിധാനം നിലവിൽ വരുന്നതോടെ വിദ്യാർത്ഥികൾക്ക് മുഴുവൻ സമയവും ഇന്റർനെറ്റ് സംവിധാനം യാഥാർത്ഥ്യമാകുന്നു. അനുബന്ധമായി കോളേജിൽ നടപ്പിലാക്കുന്ന ഇൻഫ്ളിബ് നെറ്റ് (INFLIB NET) സംവിധാനത്തിലൂടെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിരൽത്തുമ്പിൽ 2500ൽ പരം ഇ-ജേണലുകൾ ലഭ്യമാകും.

## തൊഴിൽ സംരംഭകത്തിന്റെ നവ്യാനുഭവം




കൊട്ടാരക്കര : 8/2/13 - ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെയും കേരള സർക്കാരിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട അസാപ് പ്രോഗ്രാമിന്റെ വാഹനപ്രചാരണജാഥയ്ക്ക് സെന്റ് ഗ്രിഗോറിയോസ് കോളജ് ആതിഥ്യമരുളി. വിദ്യാർത്ഥികളുടെ ആഘോഷാരവങ്ങൾ പ്രചാരണ പരിപാടികൾക്ക് ഉണർവേകി. യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുകയാണ് അസാപിന്റെ ലക്ഷ്യം. ലക്ഷ്യപ്രാപ്തിക്കായി 12-ാം തീയതി കോളജ് സെമിനാർ ഹാളിൽ അസാപ് സംഘടിപ്പിച്ച ഇന്റർവ്യൂവിൽ നൂറ്റിയെൺപത്തഞ്ചോളം വിദ്യാർത്ഥികൾ മാറ്റുരച്ചു. ഇതു പത്തിയഞ്ച് വിദ്യാർത്ഥികൾ വിജയികളായി. കോളജിന് അഭിമാനം പകർന്ന നിമിഷങ്ങൾക്ക് എവരും സാക്ഷികളായി. ശ്രീമതി ശോഭ ദാസ്, ശ്രീ. സിജു ഈപ്പൻ എന്നിവർ പ്രോഗ്രാം മാനേജർമാരായി കോളജിൽ പ്രവർത്തിച്ചു. നമ്മുടെ കോളജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപകരായ പ്രൊഫ. ഷാജി ജോൺ, പ്രൊഫ. സുനിൽ പി. എന്നിവർ അസാപിന്റെ റിസോഴ്സ് പേഴ്സൺസായി വിവിധ കോളജുകളിൽ പ്രവർത്തിച്ചു.

## ഏകദിന ശില്പശാല

**കൊട്ടാരക്കര** : 5.3.2013 - നാക് റീ അക്രഡിറ്റേഷന്റെ ഭാഗമായി കോളജ് പി.ജി. സെമിനാർ ഹാളിൽ അധ്യാപക - അനധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് ഏകദിനശില്പശാല സംഘടിപ്പിച്ചു. കോളജ് പ്രിൻസിപ്പലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കോളജ് മാനേജർ അഭി - മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തുടർന്ന് രണ്ട് സെഷനുകളിലായി വിദഗ്ദ്ധർ ക്ലാസുകൾക്ക് നേതൃത്വം നൽകി.



കേരള യൂണി. മുൻ പ്രോ വൈസ് ചാൻസലറും നാക് പിയർ ടീം അംഗവുമായ ഡോ. എസ്. കെവിൻ ആദ്യ സെഷനിൽ (Role of Assessment and Accreditation in Ensuring Quality of Higher Education) ക്ലാസ് നയിച്ചു. ഉച്ചയ്ക്കു ശേഷമുള്ള സെഷനിൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. ജേക്കബ് ജോർജ്ജ് മാർഗ്ഗനിർദ്ദേശം നൽകി. Preparation for NAAC Assessment and Re-Accreditation എന്നതായിരുന്നു ചർച്ചാവിഷയം.

